**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 950** **09-10-2024 - ൽ മറുപടിയ്ക്ക്**

**ചക്കിട്ടപ്പാറയിൽ നിർമ്മിക്കുന്ന കോഴിക്കോട് ബയോളജിക്കൽ പാർക്കിനെ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ നിർമ്മിക്കുന്ന കോഴിക്കോട് ബയോളജിക്കൽ പാർക്കിന്റെ ഡി . പി . ആർ . തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ തലത്തിൽ 03.07.2024-ന് ചേർന്ന യോഗ തീരുമാനമനുസരിച്ച് കോഴിക്കോട് ബയോളജിക്കൽ പാർക്കിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി 08.08.2024 തീയതിയിലെ KFDDO/13586/2024-WPRNTSR/NR നമ്പർ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ടെണ്ടറിന്റെ ടെക്നിക്കൽ ബിഡ് 10.09.2024-നും ഫിനാൻഷ്യൽ ബിഡ് 26.09.2024-നും ഓപ്പൺ ചെയ്യുകയുണ്ടായി. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ലഭിച്ച ഏറ്റവും കുറഞ്ഞ ടെണ്ടർ തുക 65,00,000/- (അറുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) രൂപയാണ്. ആയതിന് High Power Committee-യുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | Central Zoo Authority-യിൽ നിന്നും ഡിറ്റെയിൽഡ് മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിച്ചതിനു ശേഷം ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ് എന്നിവയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും . |

സെക്ഷൻ ഓഫീസർ